ബഞ്ചിന്റെ പരിഗണനയ്ക്കായി വിട്ടു. സുപ്രീംകോടതിയുടെ ഏഴംഗ ഭരണഘടനാ ബഞ്ച് (ചീഫ് ജസ്റ്റീസിന്റെ നേതൃത്വത്തിൽ) 2005 ഫെബ്രുവരി മാസം 1-ാം തീയതി മുതൽ തുടർച്ചയായ ദിവസങ്ങളിൽ ഈ കേസിന്റെ വാദം കേട്ടുവരികയാണ്. (പുഷ്പഗിരി മാനേജ്മെന്റ് ഫയൽചെയ്ത കേസുൾപ്പെടെ രാജ്യത്തിന്റെ വിവിധ ഹൈക്കോടതികളിൽ സമാന വിഷയങ്ങളിൽ വന്ന വിധികൾക്കെതിരെ സുപ്രീം കോടതിയിൽ സമർപ്പിക്കപ്പെട്ട 100-ഓളം കേസുകൾ ഇതിൽ ഉൾപ്പെടും).

സുപ്രീംകോടതിയുടെ ഭരണഘടനാബഞ്ച് മേൽ വിഷയത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന് അനുസരിച്ച് സർക്കാർ അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പിന്നോക്കവിഭാഗം വിദ്യാർത്ഥികൾക്ക് സംവരണവും ആനുകൂല്യങ്ങളും

135 [734] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മറ്റ് സർക്കാർ പ്രൊഫഷണൽ കോളേജുകൾക്ക് സമാനമായി സീറ്റുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ അദ്ധ്യയന വർഷത്തിൽ ഈ കോളേജുകളിൽ നടത്തിയ പ്രവേശനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ സംവരണ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതനുസരിച്ച് ഓരോ വിഭാഗത്തിലും എത്ര കുട്ടികൾക്കുവീതം പ്രവേശനം നൽകിയിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഈ കുട്ടികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ പ്രൊഫഷണൽ കോളേജുകൾക്ക് സമാനമായി സ്വകാര്യ പ്രൊഫഷണൽ കോളേജുകളിലും ഗവൺമെന്റ് സീറ്റുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ഒ. ഇ. വിഭാഗങ്ങൾക്ക് സർക്കാർ കോളേജുകളിൽ സീറ്റു സംവരണം ഇല്ല. മറിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നികത്തപ്പെടാതെ കിടക്കുന്ന സീറ്റുകളിലേക്ക് ഇവരെ പരിഗണിക്കും. സ്വാശ്രയ പ്രൊഫഷണൽ കോളേജ് പ്രവേശനത്തിലും സർക്കാർ സീറ്റുകൾ സംബന്ധിച്ച് ഒ. ഇ. വിഭാഗങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ ഓരോ കോഴ്സിലും 50 ശതമാനം സീറ്റുകളും സർക്കാർ സീറ്റുകളായിട്ടാണ് അറിയപ്പെടുന്നത്. സർക്കാർ സീറ്റുകളിൽ 8 ശതമാനം സീറ്റുകൾ പട്ടികജാതിക്കാർക്കും 2 ശതമാനം സീറ്റുകൾ പട്ടികവർഗ്ഗ വിഭാഗത്തിനും സംവരണം ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 2004-05 അദ്ധ്യയന വർഷത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്യപ്പെട്ടിരുന്ന സീറ്റുകളിലേക്ക് അലോട്ട് ചെയ്ത വിദ്യാർത്ഥികളുടെ വിവരം താഴെ കൊടുക്കുന്നു.

കോഴ്സ്	ഗവ. സ്ഥാപനങ്ങൾ		സ്വാശ്രയ സ്ഥാപനങ്ങൾ	
	പ.ജാ.	പ.വ.	പ.ജാ.	പ.വ.
ആയുർവേദം	17	4	11	3
ബി.ഫാം	5	1	76	2
മെഡിക്കൽ	95	24	151	25
എഞ്ചിനീയറിംഗ്	313	41	631	4

(ഇ) പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ. വിഭാഗ വിദ്യാർത്ഥികളെ സ്വാശ്രയ കോളേജുകളിൽ ഫീസ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

എയ്ഡഡ് സ്വാശ്രയ കോളേജുകളിലെ കോഴ്സുകൾക്കുള്ള അനുവാദം

135 [735] പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. ബി. വിജയകുമാർ :

,, എം. എ. വാഹിദ് :

,, ഡി. സുഗതൻ :

,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലും സ്വാശ്രയ കോളേജുകളിലും ആരംഭിച്ച പുതിയ കോഴ്സുകൾക്ക് 2002-03, 2003-04 എന്നീ വർഷങ്ങളിൽ ബന്ധപ്പെട്ട സർവ്വകലാശാലകൾ അംഗീകാരം നൽകാതിരുന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം കോളേജുകളിലെ ഏതെല്ലാം കോഴ്സുകളാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോഴ്സുകൾ നടത്തുന്നതിന് അനുവാദം ലഭിക്കാതെ ഏതെങ്കിലും കോളേജ് അധികൃതർ കോടതിയെ സമീപിച്ച് അംഗീകാരം നേടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly